"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/05 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1500/2025/LSGD തീയതി, തിരുവനന്തപുരം, 18-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയിൽ വച്ച് 26/06/2022 തീയതിയിൽ നടന്ന അദാലത്തിലെ എൽ.എ.ആർ. 371/05 നമ്പർ കേസിലെ ഉത്തരവ്.
2. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
3. സ.ഉ.(സാധാ) നം. 3183/2022/ത.സ്വ.ഭ.വ, തീയതി, 23/12/2022.
4. സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 05/08/2023-ലെ എ3/3724/2005/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/11/2024 തീയതിയിലെ DCTVM/9662/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/05 നമ്പർ കേസ് 26/06/2022 തീയതിയിൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ, ആറ് മാസത്തിനകം തുക കോടതിയിൽ കെട്ടിവയ്ക്കണമെന്ന നിബന്ധനയോടെ, ഒത്തുതീർപ്പിലെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തുക റിലീസ് ചെയ്തു നൽകുകയുണ്ടായി.

2) 26/06/2022-ലെ അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തുക ലഭ്യമാക്കാത്തതിനാൽ ബാലൻസ് തുക ലഭിക്കുന്നതിനായി ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്ക ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതി മുമ്പാകെ ഇ.പി. 67/2023 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അറിയിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിലെ ബാലൻസ് തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) അടിയന്തിരമായി അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വേ നം. 1233/1 (എൽ.എ.സർവ്വേ നം.1236/6)ൽപ്പെട്ട 7.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/05 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്കയ്ക്ക് 4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിസ്സാം എസ് എ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി റഫീക്ക, റ്റി.സി.49/90(1), റഫീക്ക മൻസിൽ, മണക്കാട് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/378/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 18-06-2025 16:38:18
സെക്ഷൻ ഓഫീസർ